മാധ്യമം

22 September 2017

# മണ്ണില്ലാ നടീൽ മിശ്രിതം കൊച്ചിയിൽ ഹിറ്റ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സി.എം.എഫ്.ആർ.ഐ) കീഴിലെ എറണാകുളം കൃഷിവിജ്ഞാന കേന്ദ്രം വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം കൊച്ചിക്കാർക്കിടയിൽ വൻ ഹിറ്റ്. മണ്ണിന് പകരം ഉപയോഗിക്കാവുന്ന പോഷകസമ്പുഷ്ടമായ നടീൽ മിശ്രിതം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് സംഘടിപ്പിച്ച വിപണനമേളയിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്. ആയിരത്തോളം പേരാണ് മിശ്രിതം വാങ്ങാനെത്തിയത്. അയ്യായിരത്തോളം പാക്കറ്റുകൾക്ക് ബുക്കിങ്ങും ലഭിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിൽ ജൈവകൃഷി ചെയ്യുന്നവർക്ക് അനുഗ്രഹമാണ് നടീൽ മിശ്രിതം. മണ്ണിന്റെ ദൗർലഭ്യം നേരിടുന്ന നഗരത്തിൽ പോഷകമൂല്യം കൂടിയ മണ്ണില്ലാ മിശ്രിതത്തിന്റെ പത്ത് കിലോ പാക്കറ്റിൽ ഗ്രോബാഗ് ഇല്ലാതെതന്നെ നേരിട്ട് കൃഷിചെയ്യാം.

വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക്, ജൈവവളങ്ങൾ, പച്ചക്കറിവിത്തുകൾ, ജൈവകീടനാശിനി തുടങ്ങിയവ വാങ്ങാനും മേളയിൽ തിരക്കനുഭവപ്പെട്ടു. ഈ മാസം 26ന് വീണ്ടും വിപണനമേള നടത്തും.